## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3345** **11.05.2017-ൽ മറുപടിക്ക്**

## പവർകട്ട് ഇല്ലാതാക്കാൻ നടപടി

| | ചോദ്യം<br>ശ്രീ. പി.കെ. ശശി : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിലവിലെ വേനലും മഴലഭ്യതയില്ലായ്മയും കാരണം ഉണ്ടായ ജല ദൗർലഭ്യം വൈദ്യുതോല്പാദനത്തെ ബാധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്, സംസ്ഥാനത്തെ നിലവിലെ വേനലും മഴകുറവും സംസ്ഥാനത്തെ വൈദ്യുതോല്പാദനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഈ വർഷം (ജലവർഷം) (2016 ജൂൺ മുതൽ 2017 മെയ് വരെ) പ്രതീക്ഷിച്ച നീരൊഴുക്കിന്റെ ഏകദേശം 50% മാത്രമാണ് ലഭ്യമായിട്ടുള്ളത് ഏകദേശം 3308 ദശലക്ഷം യൂണിറ്റിന്റെ കുറവുണ്ട് (01.05.2017 -ലെ കണക്ക് പ്രകാരം). |
| (ബി) | ഇനി എത്ര ദിവസത്തെ വൈദ്യുതോല്പാദനത്തിനുള്ള ജലലഭ്യത സംസ്ഥാനത്തെ ജല സംഭരണികളിൽ ഉണ്ട് എന്നു വ്യക്തമാക്കുമോ; | (ബി) | 03.05.2017-ലെ കണക്ക് പ്രകാരം ഏകദേശം 792 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള വെള്ളം സംസ്ഥാനത്തെ ജലസംഭരണികളിൽ ഉണ്ട്. ജൂൺ മാസം 1- ാം തീയതി വരെയുള്ള ഉല്പാദനത്തിനും അതിനുശേഷം കാല വർഷം ശക്തിപ്പെടുന്നതു വരെയുള്ള ഉപഭോഗത്തിനായി ഏകദേശം 450 ദലക്ഷം യൂണിറ്റ് നീക്കിയിരിപ്പിനുമുള്ള രീതിയിലാണ് ഉൽപ്പാദനം ക്രമീകരിച്ചിരിക്കുന്നത്. |
| (സി) | സംസ്ഥാനത്ത് നിലവിലുള്ള ജല ദൗർലഭ്യം പരിഗണിച്ച് മറ്റേതെല്ലാം മേഖലകളിൽ നിന്ന് വൈദ്യുതി ലഭ്യമാക്കി പവർകട്ട് ഇല്ലാതാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നെന്ന് വ്യക്തമാക്കുമോ? | (സി) | KSEBL സംസ്ഥാനത്തിന് പുറത്തു നിന്നും വൈദ്യുതി കൊണ്ടു വരുന്നതിനുള്ള ദീർഘ കാല-ഹ്രസ്വകാല കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. അതായത് 865 മെഗാവാട്ടിന്റെ ദീർഘകാല കരാറും 300 മെഗാവാട്ട് റൗണ്ട് ദ ക്ലോക്ക് അടിസ്ഥാനത്തിലും 100 മെഗാവാട്ട് പീക്ക് സമയത്തും ഹ്രസ്വകാല കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 315 മെഗാവാട്ട് വൈദ്യുതി |

| | | | |
|---|---|---|---|
| | | | ദീർഘകാലാടിസ്ഥാനത്തിൽ 06.12.2016-ൽ ലഭിച്ചു തുടങ്ങി. 01-03-2017 മുതൽ 30-6-2017 വരെ ലഭിക്കേണ്ട 200 മെഗാവാട്ട് ഹ്രസ്വകാല കരാർ അനുസരിച്ച് ലഭിക്കുന്നുണ്ട്. കൂടാതെ മാർച്ച് 2017 മുതൽ മെയ് 2017 അവസാനം വരെ 100 മെഗാവാട്ട് വൈദ്യുതി 24 മണിക്കൂറും 100 മെഗാവാട്ട് രാത്രി 6 മണിക്കൂറും ലഭിക്കുന്ന മറ്റൊരു ഹ്രസ്വകാല കരാറു പ്രകാരം ഇപ്പോൾ ലഭിച്ചു കൊണ്ടിരിക്കുന്നുണ്ട്. |

Hemalatha

**സെക്ഷൻ ഓഫീസർ**